**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4132** **17-03-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ വകുപ്പിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള വിവിധ തസ്തികകളിൽ ഒഴിവുകൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | സാങ്കേതിക വിഭാഗം ജീവനക്കാരുടെ എൻ.ജെ.ഡി. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തുമോ; വിശദമാക്കാമോ? | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്ക് പി.എസ്.സി.-യിൽ നിന്നും നിയമനശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് യഥാസമയം ബന്ധപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാറുണ്ടെന്നും , അപ്രകാരം നിയമനഉത്തരവ് നൽകുന്ന ഉദ്യോഗാർത്ഥികളിൽ, ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തവരുടെ വിവരങ്ങൾ ബന്ധപ്പെട്ട കാര്യാലയങ്ങളിൽ നിന്നും ശേഖരിച്ച് കാലതാമസം കൂടാതെതന്നെ എൻ.ജെ.ഡി ഒഴിവായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാറുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ